## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അച്ചടക്ക നടപടി - നഗരസഭ – വിജിലൻസ് മിന്നൽ പരിശോധന – പൊന്നാനി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ഡി.സാജുവിന്റെ റിവ്യൂ ഹർജി പരിഗണിച്ച് ശിക്ഷ ഒഴിവാക്കി അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 546/2021/തസ്വഭവ. തീയതി, തിരുവനന്തപുരം, 23/02/2021

---

പരാമർശം :-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 30.09.2016 തീയതിയിലെ E26(SC6/2016/NRK) 25598/16/U.A നമ്പർ കത്ത്.
2. 08.09.2017 ലെ കുറ്റാരോപണ പത്രിക
3. കുറ്റപത്രത്തിന് ശ്രീ.സാജു സമർപ്പിച്ച 26.10.2017 തീയതിയിലെ പ്രതിവാദ പത്രിക
4. നഗരകാര്യ ഡയറക്ടറുടെ 01.06.2018 തീയതിയിലെ വി2-31999/17 നമ്പർ കത്ത്.
5. 12.11.2018 തീയതിയിലെ സ.ഉ (സാധാ) നം.2880/2018/തസ്വഭവ നമ്പർ കത്ത്
6. ശ്രീ.സാജു സമർപ്പിച്ച 12.12.2018 തീയതിയിലെ റിവ്യൂ ഹർജി
7. നഗരകാര്യ ഡയറക്ടറുടെ 17.12.2019 തീയതിയിലെ വി2-21307/2019 നമ്പർ കത്ത്.

### ഉത്തരവ്

പൊന്നാനി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 16.01.2016 ൽ നടത്തിയ പരിശോധനയിൽ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററും ഇൻവേർഡ് രജിസ്റ്ററും സൂക്ഷിക്കുന്നതിലും ബിൽഡിംഗ്, ഡി&ഒ ലൈസൻസ് എന്നിവ അനുവദിക്കുന്നതിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയതിനെതുടർന്ന് മുൻ സെക്രട്ടറിയായ ശ്രീ.ഡി.സാജുവിനെതിരെ പരാമർശം (1) ലെ വകുപ്പ് തല അച്ചടക്ക നടപടിക്കുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കുറ്റാരോപണപത്രം നൽകിയിരുന്നു.

കുറ്റാരോപണപത്രത്തിന് ശ്രീ.ഡി.സാജു സമർപ്പിച്ച പ്രതിവാദ പത്രികയിൽ 10/09/2015 മുതൽ 13/10/2016 വരെ നാലുമാസമാണ് താൻ പൊന്നാനി നഗരസഭയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതെന്നും ആ കാലയളവിൽ താൻ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിയുടെ ആഫീസിൽ സൂക്ഷിച്ചിരുന്നതായും താൻ

വിട്ടുതൽ ചെയ്തതിനുശേഷമാണ് 16/01/2016 ൽ വിജിലൻസ് പരിശോധന നടന്നിട്ടുള്ളതെന്നും, താൻ സെക്രട്ടറിയായി ചുമതല ഏറ്റെടുത്തതിനുശേഷം മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 20 (2) പ്രകാരം ജീവനക്കാരുടെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ഇൻവേർഡ് രജിസ്റ്റർ എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാനും പരിപാലിക്കുവാനുമായി അന്നത്തെ ജനറൽ സെക്ഷൻ സൂപ്രണ്ട് ശ്രീ.പി.സുധാകരനെ ചുമതലപ്പെടുത്തിയിരുന്നതായും കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ 300 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുവാൻ നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നതായും സെക്രട്ടറി നിർമ്മാണാനുമതി നൽകേണ്ടിയിരുന്ന 300 സ്ക്വയർ മീറ്ററിന് മുകളിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ച് (Kerala Municipalites Building Rules) കെട്ടിടങ്ങളുടെ നിർമ്മാണാനുമതി പെൻഡിംഗ് ഇല്ലായിരുന്നുവെന്നും ഡി&ഒ ലൈസൻസ് മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് നൽകുന്നതെന്നും താൻ സെപ്റ്റംബറിലാണ് സെക്രട്ടറിയായി ചാർജ്ജെടുക്കുന്നതെന്നും കൂടാതെ ഡി&ഒ ലൈസൻസ് നൽകുന്നതിനുള്ള ചുമതല ഹെൽത്ത് വിഭാഗം മേധാവിക്ക് നൽകിയിരുന്നതായും ശ്രീ.ഡി.സാജു ബോധിപ്പിച്ചിരുന്നു. മുനിസിപ്പാലിറ്റി ചട്ടം 50(2) പ്രകാരം ഏൽപ്പിക്കപ്പെട്ട അധികാരം വിനിയോഗിക്കുന്നതിനുള്ള ചുമതലയും അതുമൂലമുണ്ടാകുന്ന ബാധ്യതയും പ്രസ്തുത ഉദ്യോഗസ്ഥർക്ക് മാത്രമാണെന്നും അതിനാൽ യാതൊരുവിധ ചട്ടലംഘനവും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നും ശ്രീ.ഡി.സാജു ബോധിപ്പിച്ചിരുന്നു.

ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിലെ ഫയൽ പരിശോധിച്ചതിൽ നിന്നും ചുമതലകൾ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് വിഭജിച്ചു നൽകിയിരുന്നുവെന്ന് ശ്രീ.ഡി.സാജു നൽകിയ മറുപടി ശരിയാണെന്ന് കാണുന്നതായും കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച് ടിയാൻ നൽകിയ മറുപടി 2015-16 ലെ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതു പ്രകാരം അംഗീകരിക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ കീഴ് ജീവനക്കാർക്ക് ചുമതല നൽകി ഉത്തരവിറക്കുന്നതിനോടൊപ്പം സൂപ്പർ വിഷൻ ചുമതല ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ശ്രീ.സാജുവിന് നൽകാവുന്നതാണെന്നും പ്രസ്തുത വിഷയത്തിൽ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

സെക്രട്ടറി, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷന് 50(2) പ്രകാരം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നതായും നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഡെലിഗേറ്റ് ചെയ്ത വിഷയങ്ങളിന്മേൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേഷങ്ങൾ നൽകേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണെന്നതിനാൽ ഇതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സാഹചര്യത്തിൽ ശ്രീ.സാജുവിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11 (1) (iii) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഉത്തരവിനെതിരെ പരാമർശം (6) പ്രകാരം ശ്രീ.സാജു സമർപ്പിച്ച റിവ്യൂ ഹർജിയിൽ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ശ്രീ.ഡി.സാജു പൊന്നാനി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക തയ്യാറാക്കലും തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തികരിക്കുന്നതുമായ കാലഘട്ടം ആയിരുന്നെന്നും നഗരസഭയുടെ ജനസംഖ്യയും വിസ്തൃതിയും കണക്കിലെടുക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കാലഘട്ടങ്ങളിൽ നിയമിതനായ നഗരസഭാ സെക്രട്ടറി എന്ന പരിഗണന നൽകി ടിയാൻ നൽകിയ റിവ്യൂ ഹർജി പരിഗണനാർഹമാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (7) പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ഡി.സാജു പൊന്നാനി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് തെരഞ്ഞെടുപ്പ് കാലഘട്ടമായിരുന്നതിനാലും നഗരസഭയുടെ ജനസംഖ്യയും വിസ്തൃതിയും കണക്കിലെടുക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കാലഘട്ടങ്ങളിൽ നിയമിതനായ നഗരസഭാ സെക്രട്ടറി എന്ന പരിഗണന നൽകി ടിയാൻ നൽകിയ റിവ്യൂ ഹർജി പരിഗണനാർഹമാണെന്ന നഗരകാര്യ ഡയറക്ടറുടെ ശിപാർശ അംഗീകരിച്ച് പൊന്നാനി നഗരസഭ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.ഡി.സാജുവിന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് പരാമർശം (5) പ്രകാരം നൽകിയിരുന്ന ശിക്ഷ ഒഴിവാക്കി ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃൂ**

**അഡീഷണൽ സെക്രട്ടറി.**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
ചെയർമാൻ/ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ
ശ്രീ.ഡി.സാജു (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.